ജലസേചനം, അടുക്കളതോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളതോട്ട നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ടി പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.

(ഡി) സ്ഥലം എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ഊരുകൂട്ടം വിളിച്ചുചേർത്ത് ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഓരോ ഹാംലറ്റിലും ഒരു കോടി രൂപയുള്ള വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ മുഖാന്തിരം നിയമാനുസരണം പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്യുന്നു.

അട്ടപ്പാടി മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

198(2189) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ആദിവാസികളുടെ ക്ഷേമത്തിനായി അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ വിശദമാക്കുമോ ;

(സി) ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കാതെ പോയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് യഥാസമയം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ തടസ്സങ്ങൾ എന്തെല്ലാമായിരുന്നു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഇല്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly